**മധുരമായ കുട്ടികളേ - ശിവബാബ അത്ഭുതകരമായ അച്ഛനാണ്, ടീച്ചറാണ് സദ്ഗുരുവാണ്, ബാബയ്ക്ക് തന്റേതായ അച്ഛനില്ല, ബാബ ആരിൽ നിന്നും ഒന്നും തന്നെ പഠിക്കുന്നില്ല, ബാബയ്ക്ക് ഗുരുവിന്റെ ആവശ്യവുമില്ല, ഇങ്ങനെ അത്ഭുതത്തോടെ ബാബയെ ഓർമ്മിക്കണം.**

**ചോദ്യം:-** ഓർമ്മയിൽ ഏതൊരു നവീനതയുണ്ടെങ്കിലാണ് ആത്മാവ് സഹജമായും പാവനമാകുന്നത്?
**ഉത്തരം:-** ഓർമ്മയിൽ ഇരിക്കുന്ന സമയത്ത് ബാബയുടെ കറന്റ്(ശക്തി) വലിച്ചുകൊണ്ടിരിക്കണം. ബാബ നിങ്ങളെ നോക്കണം, നിങ്ങൾ ബാബയെയും നോക്കണം. ഇങ്ങനെയുള്ള ഓർമ്മയിലൂടെ മാത്രമേ ആത്മാവിന് പാവനമായി മാറാൻ സാധിക്കൂ. ഇത് വളരെ സഹജമായ ഓർമ്മയാണ്, പക്ഷേ നമ്മൾ ആത്മാവാണ് ശരീരമല്ല എന്നുള്ള കാര്യം കുട്ടികൾ ഇടയ്ക്കിടെ മറന്നു പോകുന്നു. ദേഹീ-അഭിമാനി കുട്ടികൾക്ക് മാത്രമാണ് ഓർമ്മയിൽ ഇരിക്കാൻ സാധിക്കുക.

**ഓംശാന്തി.** മധുര-മധുരമായ കുട്ടികൾക്ക് ഈ കാര്യത്തിൽ നിശ്ചയമുണ്ട് ഇത് നമ്മുടെ പരിധിയില്ലാത്ത അച്ഛനാണ്, ബാബക്ക് തന്റേതായ ഒരു പിതാവില്ല. സ്വന്തം അച്ഛനില്ലാത്ത ഒരു മനുഷ്യനും ലോകത്തിലുണ്ടാവില്ല. ഓരോരോ കാര്യവും വളരെ നല്ല രീതിയിൽ മനസ്സിലാക്കേണ്ടവയാണ്, ഒരിക്കലും പഠിപ്പ് പഠിക്കാത്ത ബാബ തന്നെയാണ് നമുക്ക് ജ്ഞാനം കേൾപ്പിച്ചു തരുന്നത്. മനുഷ്യർ എന്തെങ്കിലുമെല്ലാം തീർച്ചയായും പഠിക്കും. കൃഷ്ണനും പഠിച്ചിട്ടുണ്ട്. ബാബ പറയുന്നു ഞാൻ എന്ത് പഠിക്കാനാണ്. ഞാൻ നിങ്ങളെ പഠിപ്പിക്കാനാണ് വന്നിരിക്കുന്നത്. ഞാൻ ഒന്നും തന്നെ പഠിച്ചിട്ടില്ല. ഞാൻ ആരിൽ നിന്നും പഠിപ്പ് സ്വീകരിച്ചിട്ടില്ല. ഏതൊരു ഗുരുവിനെയും സ്വീകരിച്ചിട്ടില്ല. ഡ്രാമാ പ്ലാൻ അനുസരിച്ച് ബാബയ്ക്ക് ഏറ്റവും ഉയർന്നതിലും ഉയർന്ന മഹിമയാണ്. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് എന്ന മഹിമയുമുണ്ട്. ഭഗവാനെക്കാളും ഉയർന്നതായി മറ്റാരാണുള്ളത്. അച്ഛനും ടീച്ചറും സദ്ഗുരുവും ബാബയെക്കാളും ഉയർന്നതായി മറ്റാരും തന്നെയില്ല. ഈ പരിധിയില്ലാത്ത ബാബയ്ക്കും തന്റേതായ അച്ഛനോ ടീച്ചറോ സദ്ഗുരുവോ ഇല്ല. ബാബ സ്വയം തന്നെ എല്ലാവരുടെയും അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നല്ല രീതിയിൽ മനസ്സിലാക്കാൻ സാധിക്കുന്നു. ഇങ്ങനെയൊരു വ്യക്തിയും തന്നെ ഉണ്ടാവുകയില്ല. ഇത്രയും അത്ഭുതത്തോടെ ഇങ്ങനെയുള്ള അച്ഛൻ ടീച്ചർ ഗുരുവിനെ ഓർമ്മിക്കണം. മനുഷ്യർ പറയുന്നു അല്ലയോ ഗോഡ്ഫാദർ... ബാബ ജ്ഞാനസാഗരനായ ടീച്ചറുമാണ് പരമമായ ഗുരുവുമാണ്. ഇതുപോലെ ബാബ മാത്രമേയുള്ളൂ മറ്റൊരു മനുഷ്യനും ഉണ്ടാവുകയില്ല. ബാബയ്ക്ക് മനുഷ്യന്റെ ശരീരത്തിൽ തന്നെ വേണം വന്ന് പഠിപ്പിക്കാൻ. പഠിപ്പിക്കുന്നതിന് ഒരു മുഖം ആവശ്യമാണല്ലോ. ഈ കാര്യമെങ്കിലും കുട്ടികൾക്ക് ഇടയ്ക്കിടെ സ്മൃതിയിലിരിക്കുകയാണെങ്കിൽ ദുഃഖത്തിന്റെ തോണി അക്കര കടക്കുന്നു. ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് വികർമ്മം നശിക്കുന്നത്. പരമമായ ടീച്ചർ എന്നു മനസ്സിലാക്കുന്നതിലൂടെ മുഴുവൻ ജ്ഞാനവും ബുദ്ധിയിലേക്കു വരുന്നു. ബാബ സത്ഗുരുവുമാണ്. ബാബ നമുക്ക് യോഗം പഠിപ്പിക്കുകയാണ്. ഒരേയൊരു ബാബയുമായി മാത്രം യോഗം വെക്കണം. എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒന്നാണ്. എല്ലാ ആത്മാക്കളോടും പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ആത്മാവു തന്നെയാണ് സർവ്വതും ചെയ്യുന്നത്. ഈ ശരീരമാകുന്ന വാഹനത്തെ പ്രവർത്തിപ്പിക്കുന്നത് ആത്മാവാണ്. ശരീരത്തിനെ രഥമെന്നോ എന്തു വേണമെങ്കിലും പറയാം. മുഖ്യമായും ശരീരത്തെ മുന്നോട്ടു കൊണ്ടു പോകുന്നത് ആത്മാവു തന്നെയാണ്. ആത്മാക്കളുടെ പിതാവ് ഒന്നാണ്. എല്ലാവരും പറയുന്നുമുണ്ട് ഞങ്ങൾ ഭായി-ഭായിയാണെന്ന്. പിന്നീട് എപ്പോഴാണോ ബാബ പ്രജാപിതാവായ ബ്രഹ്മാവിന്റെ ശരീരത്തിലേക്കു വരുന്നത് അപ്പോൾ സഹോദരി-സഹോദരന്മാരായി മാറുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികൾ സഹോദരി-സഹോദരന്മാരാണ്. സഹോദരിയും സഹോദരനും തമ്മിൽ ഒരിക്കലും വിവാഹം ഉണ്ടാവുകയില്ല. അപ്പോൾ ഇവരെല്ലാവരും തന്നെ പ്രജാപിതാ ബ്രഹ്മാകുമാരനും-കുമാരിയുമാണ്. അപ്പോൾ സഹോദരങ്ങളാണെന്നു മനസ്സിലാക്കുന്നതിലൂടെ ബാബയുടെ സ്നേഹികളായ കുട്ടികൾ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരായി മാറി. നിങ്ങൾ പറയുന്നു ഞങ്ങൾ നേരിട്ട് ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണ്. ഈശ്വരനാകുന്ന അച്ഛൻ നമ്മെ സർവ്വതും പഠിപ്പിച്ചു തരുന്നു. ബാബ ആരിൽ നിന്നും പഠിച്ചതല്ല. ബാബ സദാ സമ്പൂർണ്ണമാണ്. ബാബയുടെ കലകൾ ഒരിക്കലും കുറയില്ല. ബാക്കി എല്ലാവരുടെയും കലകൾ കുറയുന്നു. നമ്മൾ ശിവബാബയുടെ വളരെയധികം മഹിമ പാടുന്നു. ശിവബാബ എന്നു പറയുന്നത് വളരെ എളുപ്പമാണ്, ബാബ പതിതപാവനനാണ്. കേവലം ഈശ്വരൻ എന്നു പറയുന്നതിലൂടെ അത്രയ്ക്ക് അനുയോജ്യമായി തോന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിന് ഇത് നല്ലതായി തോന്നുന്നുണ്ട്, ബാബ എങ്ങനെയാണ് വന്ന് പതിതരെ പാവനമാക്കുന്നതെന്ന്. ലൗകിക പിതാവുമുണ്ട് പാരലൗകിക പിതാവുമുണ്ട്. എല്ലാവരും പാര

ലൗകിക പിതാവിനെ ഓർമ്മിക്കുന്നുണ്ട്. എല്ലാവരും പതിതമായതുകൊണ്ടാണ് ഓർമ്മിക്കുന്നത്. പാവനമായിക്കഴിഞ്ഞാൽ പതിതപാവനനെ വിളിക്കേണ്ടതായ ആവശ്യം വരുന്നില്ല. ഡ്രാമ എങ്ങനെയാണെന്ന് നോക്കൂ. പതിതപാവനനായ അച്ഛനെ ഓർമ്മിക്കുന്നു. ഞങ്ങൾക്ക് പാവന ലോകത്തിന്റെ അധികാരിയായിത്തീരണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു.

ദേവന്മാരുടെയും അസുരന്മാരുടെയും യുദ്ധം ഉണ്ടായി എന്നെല്ലാം ശാസ്ത്രങ്ങളിൽ കാണിച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ അസുരന്മാരുമല്ല, ദേവന്മാരുമല്ല. ഇപ്പോൾ നമ്മൾ രണ്ടിന്റെയും മദ്ധ്യത്തിലാണ്. എല്ലാവരും നിങ്ങളോട് പ്രതിഷേധിച്ചുകൊണ്ടിരിക്കും. ഈ കളി വളരെയധികം ആനന്ദത്തിന്റേതാണ്. നാടകത്തിൽ ആനന്ദിപ്പിക്കുന്ന കാര്യങ്ങളല്ലേ ഉണ്ടായിരിക്കുക. മറ്റെല്ലാം തന്നെ പരിധിയ്ക്കുള്ളിലുള്ള നാടകമാണ്. ഇത് പരിധിയില്ലാത്ത നാടകമാണ്. ഇത് മറ്റാർക്കും തന്നെ അറിയില്ല. ദേവതകൾക്ക് ഇത് അറിയുക പോലുമില്ല. ഇപ്പോൾ നിങ്ങൾ കലിയുഗത്തിൽ നിന്നും പുറത്തേക്കു വന്നു കഴിഞ്ഞു. സ്വയം അറിയുന്നവർക്ക് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു. ഒരു പ്രാവശ്യം നാടകം കണ്ടാൽ തന്നെ മുഴുവനും നാടകം ബുദ്ധിയിലേക്കു വരുന്നു. ബാബ മനസ്സിലാക്കിത്തന്നു ഇത് മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷമാണ്, ഇതിന്റെ ബീജം മുകളിലാണ്. വിരാടരൂപമെന്നു പറയാറുണ്ടല്ലോ. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. മനുഷ്യർക്ക് ഇതറിയില്ല. ശിവബാബ ആരിൽ നിന്നെങ്കിലും ഭാഷ പഠിച്ചിട്ടുണ്ടോ? ബാബയ്ക്ക് തന്റേതായ ഒരു ടീച്ചറില്ലെങ്കിൽ പിന്നെ ആരിൽ നിന്ന് പഠിക്കാനാണ്? അപ്പോൾ തീർച്ചയായും ഏത് രഥത്തിലാണോ വരുന്നത് അവരുടെ ഭാഷ ഉപയോഗിക്കുന്നു. ബാബയ്ക്ക് തന്റേതായ ഭാഷയില്ല. ബാബ ഒന്നും തന്നെ വായിക്കുകയോ പഠിക്കുകയോ ചെയ്യുന്നില്ല. ബാബയ്ക്ക് ടീച്ചറില്ല. കൃഷ്ണൻ പഠിക്കുന്നുണ്ട്, അവർക്ക് അച്ഛനും ടീച്ചറുമുണ്ട് പക്ഷേ ഗുരുവിന്റെ ആവശ്യമില്ല കാരണം കൃഷ്ണൻ സദ്ഗതിയിൽ തന്നെയാണല്ലോ. ഇതും നിങ്ങൾക്കാണ് അറിയുന്നത്. നിങ്ങൾ ബ്രാഹ്മണരാണ് ഏറ്റവും ഉയർന്നത്. ഇത് നിങ്ങൾ സ്മൃതിയിൽ വെക്കണം. നമ്മെ പഠിപ്പിക്കുന്നത് ബാബയാണ്. നമ്മൾ ഇപ്പോൾ ബ്രാഹ്മണരാണ്. ബ്രാഹ്മണൻ, ദേവത..... എത്ര വ്യക്തമാണ്. ബാബയെക്കുറിച്ച് ഭക്തിയിൽ തന്നെ പറയുന്ന മഹിമയാണ് എല്ലാം അറിയുന്നവൻ എന്ന്. പക്ഷേ ബാബയ്ക്ക് എന്താണ് അറിയുന്നതെന്ന് ആരും തന്നെ മനസ്സിലാക്കുന്നില്ല. ബാബ ജ്ഞാനസാഗരനാണ്. മുഴുവൻ സൃഷ്ടിയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ബാബയിലുണ്ട്. ബീജത്തിന് മുഴുവൻ വക്ഷത്തിന്റെയും ജ്ഞാനമുണ്ടാകുമല്ലോ. സാധാരണ വൃക്ഷത്തിന്റേത് ജഡമായ ബീജമാണ്. നിങ്ങൾ ചൈതന്യമാണ്. നിങ്ങൾ നമ്മുടെ വൃക്ഷത്തിന്റെ ജ്ഞാനം മനസ്സിലാക്കി കൊടുക്കുന്നു. ബാബ പറയുന്നു ഞാൻ ഈ ഇങ്ങനെയുള്ള മനുഷ്യ സൃഷ്ടിയുടെ ബീജമാണ്. എല്ലാവരും മനുഷ്യരാണെങ്കിലും പലവിധത്തിലുള്ള ആളുകളാണ്. ഒരാത്മാവിന്റെയും രൂപമോ പെരുമാറ്റമോ ഒരുപോലെ ആയിരിക്കില്ല. രണ്ട് അഭിനേതാക്കൾക്ക് ഒരുപോലെയാകാൻ സാധിക്കില്ല. ഇത് പരിധിയില്ലാത്ത നാടകമാണ്. മനുഷ്യരെ അഭിനേതാക്കൾ എന്നു പറയാൻ സാധിക്കില്ല, ആത്മാക്കളെയാണ് അഭിനേതാക്കൾ എന്ന് പറയുന്നത്. മറ്റുള്ള ആളുകൾ മനുഷ്യരെയാണ് അഭിനേതാവെന്നു മനസ്സിലാക്കുന്നത്. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ ആത്മാക്കൾ അഭിനേതാക്കളാണ്, ശരീരം മുഖേന നൃത്തം ചെയ്യുകയാണ്. എങ്ങനെയാണോ മനുഷ്യർ കുരങ്ങന്മാരെക്കൊണ്ട് നൃത്തം ചെയ്യിപ്പിക്കുന്നത്, അതുപോലെ ആത്മാവ് ശരീരത്തെക്കൊണ്ട് നൃത്തം ചെയ്യിക്കുന്നു. പാർട്ട് അഭിനയിപ്പിക്കുന്നു. ഇത് വളരെ സഹജമായിത്തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. പരിധിയില്ലാത്ത ബാബ തീർച്ചയായും വരുന്നുണ്ട്. അല്ലാതെ വരാതിരിക്കുന്നില്ല. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. ലോകത്തിന്റെ പരിവർത്തനം സംഭവിക്കുമ്പോഴാണ് ബാബ വരുന്നത്. ഭക്തിമാർഗ്ഗത്തിൽ കൃഷ്ണനെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ട്, പക്ഷേ കൃഷ്ണൻ എങ്ങനെ വരുന്നു? കലിയുഗത്തിലോ സംഗമയുഗത്തിലോ കൃഷ്ണന്റെ രൂപത്തെ ഈ കണ്ണുകൾ കൊണ്ട് കാണാൻ പോലും സാധിക്കില്ല. പിന്നെ അവരെ എങ്ങനെ ഭഗവാൻ എന്നു പറയുന്നു? കൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ നമ്പറിലുള്ള രാജകുമാരനാണ്. കഷ്ണന് അച്ഛനുമുണ്ട്, ടീച്ചറുമുണ്ട്, ഗുരുവിന്റെ ആവശ്യമില്ല കാരണം സദ്ഗതിയിൽ തന്നെയാണ്. സ്വർഗ്ഗത്തിൽ സദ്ഗതിയാണ്. കണക്കും വളരെ വ്യക്തമാണ്. കുട്ടികൾക്ക് അറിയാം നമ്മൾ 84 ജന്മങ്ങൾ എടുക്കുന്നു എന്ന്. ആരെല്ലാം എത്ര ജന്മങ്ങൾ എടുക്കുന്നു എന്ന കണക്കെടുക്കാറുണ്ട്. തീർച്ചയായും ദൈവീക കുലമാണ് ആദ്യം വരുന്നത്. ആദ്യത്തെ ജന്മം അവരുടേതാണ്. ഒരാൾ വന്നു കഴിഞ്ഞാൽ അതിനു പിറകെ മറ്റെല്ലാവരും വരുന്നു. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾക്കു മാത്രമേ അറിയൂ. നിങ്ങളിലും ചിലർ നല്ല രീതിയിൽ മനസ്സിലാക്കുന്നു. എങ്ങനെയാണോ മറ്റുള്ള പഠിപ്പിലും സംഭവിക്കുന്നത്, പക്ഷേ ഇത് വളരെ എളുപ്പമാണ്. കേവലം ഒരേയൊരു ഗുപ്തമായ ബുദ്ധിമുട്ടാണ് – നിങ്ങൾ ബാബയെ ഓർമ്മിക്കുമ്പോൾ മായ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നു. കാരണം മായാ രാവണന് അസൂയയാണ്. നിങ്ങൾ രാമനെ ഓർമ്മിക്കുമ്പോൾ മായാ രാവണന് അസൂയയുണ്ടാകുന്നു, എന്റെ അടിമകൾ എന്തിനാണ് രാമനെ ഓർമ്മിക്കുന്നത്! ഇതും ഡ്രാമയിൽ മുൻകൂട്ടി തന്നെ അടങ്ങിയിട്ടുള്ളതാണ്. പുതിയ കാര്യമല്ല. കല്പം മുമ്പ് എന്ത് പാർട്ടാണോ

അഭിനയിച്ചിട്ടുള്ളത് അതുതന്നെ അഭിനയിക്കുന്നു. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. കല്പം മുമ്പ് എന്ത് പുരുഷാർത്ഥമാണോ ചെയ്തത് അതിപ്പോഴും ചെയ്യുന്നു. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു, ഒരിക്കലും അവസാനിക്കുന്നില്ല. സമയത്തിന്റെ ടിക്ക്-ടിക്ക് നടന്നുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഇത് 5000 വർഷങ്ങളുടെ ഡ്രാമയാണ്. ശാസ്ത്രങ്ങളിൽ എന്തെല്ലാം തന്നെ കാര്യങ്ങളാണ് എഴുതപ്പെട്ടിരിക്കുന്നത്. ബാബ ഒരിക്കലും ഭക്തി ഉപേക്ഷിക്കാൻ പറയില്ല, കാരണം ഇവിടെയും മുന്നേറാൻ സാധിച്ചില്ല, ഭക്തിയും വിട്ടു എങ്കിൽ അവിടെയും ഇവിടെയും ഇല്ലാത്ത അവസ്ഥയായിത്തീരുന്നു. പിന്നീട് യാതൊരു പ്രയോജനവുമില്ലാതായിത്തീരുന്നു. അതുകൊണ്ട് നിങ്ങൾ കാണുന്നുണ്ടാവും പല മനുഷ്യരും ഭക്തിയൊന്നും ചെയ്യാത്തവരുണ്ട്. ഇങ്ങനെ ജീവിച്ചുപോകുന്നു. പലരും പറയുന്നു, ഭഗവാൻ അനേക രൂപങ്ങളെടുക്കുന്നു എന്ന്. ഇത് പരിധിയില്ലാത്ത അനാദി ഡ്രാമ ഉണ്ടാക്കിയതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമാണ്. ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു, അതുകൊണ്ടാണ് ഇതിനെ അനാദിയും അവിനാശിയുമായ വിശ്വനാടകമെന്നു പറയുന്നത്. ഇതിനെക്കുറിച്ചും നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് മനസ്സിലാക്കുന്നത്. ഇതിലും നിങ്ങൾ കുമാരിമാർക്ക് വളരെയധികം സഹജമാണ്. മാതാക്കൾക്ക് കയറിയ ഏണിപ്പടി താഴേക്കിറങ്ങണം. കുമാരിമാർക്ക് മറ്റൊരു ബന്ധനവുമില്ല. ചിന്തയില്ല, അതുകൊണ്ട് ബാബയുടേതായിത്തീരണം. ലൗകിക സംബന്ധത്തെ മറന്ന് പാരലൗകിക സംബന്ധത്തിലേക്ക് ബുദ്ധിയെ യോജിപ്പിക്കണം. കലിയുഗത്തിൽ ദുർഗ്ഗതിയാണ്. പക്ഷേ ഡ്രാമാ അനുസരിച്ച് താഴേക്ക് ഇറങ്ങുക തന്നെ വേണം.

ഭാരതവാസികൾ പറയുന്നു സർവ്വതും ഈശ്വരന്റേതാണെന്ന്. ഈശ്വരനാണ് അധികാരി. നിങ്ങൾ ആരാണ്! നമ്മൾ ആത്മാക്കളാണ്. ബാക്കി സർവ്വതും ഈശ്വരന്റേതാണ്. ഈ ദേഹവും സർവ്വതും ഈശ്വരൻ നൽകിയതാണ്. ഇവർ പറയുന്നത് ശരിയാണ്. സർവ്വതും ഈശ്വരനാണ് നൽകിയതെന്ന് പറയുന്നു. ശരി, അങ്ങനെയാണെങ്കിൽ ഈശ്വരൻ നൽകിയ സാധനങ്ങളിൽ വഞ്ചന ചെയ്യരുത്. പക്ഷേ അതനുസരിച്ചും ജീവിക്കുന്നില്ല. രാവണന്റെ മതമനുസരിച്ചാണ് ജീവിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ട്രസ്റ്റികളാണ്. പക്ഷേ രാവണന്റെ സമ്പ്രദായത്തിലുള്ളതു കാരണം നിങ്ങൾ ട്രസ്റ്റിയായി മാറുന്ന കാര്യത്തിൽ സ്വയത്തെ ചതിക്കുകയാണ്. വായിലൂടെ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് വേറൊന്നുമാണ്. ഈശ്വരൻ നൽകിയ വസ്തു ഈശ്വരൻ തന്നെ തിരികെ എടുക്കുകയാണെങ്കിൽ പിന്നെ എന്തിനാണ് ദുഃഖിക്കുന്നത്? മമത്വത്തെ ഇല്ലാതാക്കുന്നതിനായാണ് ബാബ ഈ കാര്യങ്ങളെല്ലാം തന്നെ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് വിളിച്ചത് – ബാബാ ഞങ്ങളെ കൂടെക്കൊണ്ടു പോകൂ എന്നു പറഞ്ഞ്. നമ്മൾ രാവണ രാജ്യത്തിൽ വളരെയധികം ദുഃഖികളാണ്. വന്ന് ഞങ്ങളെ പാവനമാക്കൂ. കാരണം പാവനമാകാതെ തിരികെ പോകാൻ പറ്റില്ലെന്ന് മനസ്സിലാക്കുന്നുണ്ട്. ഞങ്ങളെ കൊണ്ടു പോകൂ! എങ്ങോട്ട്? വീട്ടിലേക്ക് കൊണ്ടു പോകൂ. എല്ലാവരും പറയുന്നു ഞങ്ങൾക്ക് വീട്ടിലേക്ക് പോകണമെന്ന്. കൃഷ്ണന്റെ ഭക്തർ ആഗ്രഹിക്കുന്നു ഞങ്ങൾക്ക് കൃഷ്ണപുരി അഥവാ വൈകുണ്ഠത്തിലേക്ക് പോകണമെന്ന്. സത്യയുഗം തന്നെ അവർക്ക് ഓർമ്മ വരുന്നു. അതാണ് അവർക്ക് ഏറ്റവും പ്രിയപ്പെട്ടത്. മനുഷ്യർ മരിക്കുമ്പോൾ അവർ സ്വർഗ്ഗത്തിലേക്ക് പോകുന്നില്ല, കാരണം സ്വർഗ്ഗം എന്ന് വൈകുണ്ഠത്തെ അഥവാ സത്യയുഗത്തെയാണ് പറയുന്നത്. കലിയുഗം നരകത്തിലാണുണ്ടാകുന്നത്. അപ്പോൾ തീർച്ചയായും പുനർജന്മവും നരകത്തിൽ തന്നെയായിരിക്കും. ഈ സമയം സത്യയുഗമല്ല. സത്യയുഗം ലോകത്തിലെ മഹാത്ഭുതമാണ്. ഇങ്ങനെ പറയുന്നുമുണ്ട്, മനസ്സിലാക്കുന്നുമുണ്ട്, എന്നാലും ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ അവരുടെ സംബന്ധികൾ ഇതൊന്നും തന്നെ മനസ്സിലാക്കുകയില്ല. ബാബയിലുള്ള 84 ജന്മത്തിന്റെ ചക്രത്തിന്റെ ജ്ഞാനം ബാബയ്ക്കു മാത്രമേ നൽകുവാൻ സാധിക്കൂ. നിങ്ങൾ സ്വയത്തെ ദേഹമെന്നു മനസ്സിലാക്കിയിരുന്നു അത് തെറ്റായിരുന്നു. ഇപ്പോൾ ബാബ പറയുന്നു ദേഹി അഭിമാനിയായി ഭവിയ്ക്കൂ. കൃഷ്ണന് ഒരിക്കലും ദേഹി-അഭിമാനിയായി ഭവിയ്ക്കൂ എന്ന് പറയാൻ സാധിക്കില്ല. കൃഷ്ണന് തന്റേതായ ദേഹമുണ്ട്. ശിവബാബയ്ക്ക് തന്റേതായ ദേഹമില്ല. ശിവബാബ പ്രവേശിച്ചിരിക്കുന്നത്, ഇദ്ദേഹത്തിന്റെ രഥത്തിലാണ്. ബ്രഹ്മാബാബയ്ക്ക് തന്റേതായ ആത്മാവുമുണ്ട്. ബാബ ഈ ശരീരം ലോണായി എടുത്തിരിക്കുന്നു. ബാബ പറയുന്നു ഞാൻ ഇത് ആധാരമാക്കിയിരിക്കുകയാണ്. ഇത് എന്റേതല്ല. ഇല്ലെങ്കിൽ എങ്ങനെ പഠിപ്പിക്കാനാണ്! ബാബ ദിവസേന കുട്ടികൾക്ക് പ്രേരണ നൽകുകയാണ് സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണമെന്ന്. ഈ ശരീരത്തെ തന്നെ മറക്കണം. ബാബ എനിക്ക് ദൃഷ്ടി നൽകുന്നു, ഞാൻ ബാബയെയും നോക്കുന്നു. നിങ്ങൾ എത്രത്തോളം ബാബയിൽ നിന്നും ദൃഷ്ടി എടുക്കുന്നുവോ പവിത്രമായിത്തീരുന്നു. പാവനമായിത്തീരാനായി മറ്റൊരു ഉപായമില്ല. ആത്മാവ് പവിത്രമാകുന്നതിനായി മറ്റെന്തെങ്കിലും ഉപായമുണ്ടെങ്കിൽ പറയൂ? ഗംഗാജലത്തിലൂടെ പാവനമാവുകയില്ല. ഏതൊരാൾക്കും ആദ്യം തന്നെ ബാബയുടെ പരിചയം നൽകണം. ഇങ്ങനെയുള്ള ബാബയെ മറ്റെവിടെയും തന്നെ ലഭിക്കില്ല. മറ്റുള്ളവർ അത്ഭുതപ്പെട്ടു പോകുന്ന വിധത്തിൽ നാഡി നോക്കിയാണോ മനസ്സിലാക്കി കൊടുത്തത്. ബാബ തന്നെയാണ് പരമാത്മാവ് എന്ന് അവർ മനസ്സിലാക്കണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ തന്റെ പരിചയം നൽകു

കയാണ്. ഞാൻ ആരാണ് എന്നതും നിങ്ങൾക്ക് അറിയാം. ചരിത്രം ആവർത്തിക്കപ്പെടുകയാണ്. ആരാണോ ഈ കുലത്തിലുളളവർ അവർ മാത്രമേ വരൂ. ബാക്കിയുളളവരെല്ലാവരും അവരവരുടെ ധർമ്മത്തിലേക്ക് പോകും. ആരാണോ മറ്റുളള ധർമ്മത്തിലേക്ക് പരിവർത്തനപ്പെട്ട് പോയവർ അവർ അവരവരുടെ വിഭാഗത്തിലേക്ക് പോകുന്നു അതുകൊണ്ടാണ് നിരാകാരി വൃക്ഷത്തെ കാണിച്ചിരിക്കുന്നത്. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്, മറ്റുളളവർ ബുദ്ധിമുട്ടിയാണ് മനസ്സിലാക്കുന്നത്. 7-8 പേരിൽ നിന്നും 1-2 പേർ ഈ ജ്ഞാനത്തെ വളരെ നല്ലതാണെന്നു മനസ്സിലാക്കുന്നു. ഈ കുലത്തിലുളളവർക്ക് കുറച്ചു മാത്രമേ മായയുടെ കൊടുങ്കാറ്റ് അടിക്കൂ. ഹൃദയത്തിലുണ്ടാവും പോകണം പോയി മനസ്സിലാക്കണമെന്ന്. ചിലർ പിന്നീട് കൂട്ടുകെട്ടിന്റെ പ്രഭാവത്തിലേക്ക് വന്നാൽ പിന്നെ ഒട്ടും വരുകയില്ല. കൂട്ടുകാരിൽ ബുദ്ധി പെട്ടു പോകുന്നു. വളരെയധികം പ്രയത്നമാണ്. എത്ര പ്രയത്നിക്കേണ്ടതായി വരുന്നു. ഇടയ്ക്കിടെ ഞങ്ങൾ മറന്നു പോകുന്നു എന്നു പറയും. ഞാൻ ആത്മാവാണ് ശരീരമല്ല എന്നുളളത് ഇടയ്ക്കിടെ മറക്കുന്നു. ബാബയ്ക്കും അറിയാം കാമചിതയിലിരുന്ന് കറുത്തുപോയതാണെന്ന്. ശ്മശാനത്തിലേക്കു പോയതുകൊണ്ടാണ് കറുത്തു പോയത്. അവരെത്തന്നെയാണ് ബാബ പറയുന്നത്, നമ്മുടെ കുട്ടികൾ വെന്തു മരിച്ചു എന്ന്. ഇത് പരിധിയില്ലാത്ത കാര്യങ്ങളാണ്. എത്ര കോടിക്കണക്കിനു ആത്മാക്കളാണ് ബ്രഹ്മലോകത്തിൽ വസിക്കുന്നത്. ബാബ പരിധിയില്ലാത്തതാണ്. നിങ്ങളും പരിധിയില്ലാത്തതിലേക്ക് പോവുകയാണ്. അറിയാം ബാബ സ്ഥാപന നിർവ്വഹിച്ച് പോയാൽ പിന്നീട് രാജ്യം ഭരിക്കുന്നത് നിങ്ങൾ കുട്ടികളാണ്.  ബാക്കി എല്ലാ ആത്മാക്കളും ശാന്തിധാമത്തിലേക്ക് പോകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം -

1. ഏതെങ്കിലും അഭിനേതാവിലൂടെ രാവണൻ അസൂയ കാണിക്കുകയോ വിഘ്നമുണ്ടാക്കുകയോ കൊടുങ്കാറ്റ് കൊണ്ടുവരുകയോ ചെയ്യുകയാണെങ്കിൽ അവരെ നോക്കാതെ തന്റെ പുരുഷാർത്ഥത്തിൽ തൽപരരായിരിക്കണം. കാരണം ഓരോ അഭിനേതാവിന്റെയും പാർട്ട് ഈ ഡ്രാമയിൽ അവരവരുടേതാണ്. ഈ ഡ്രാമ അനാദിയായാണ് ഉണ്ടാക്കപ്പെട്ടിട്ടുളളത്.

2. രാവണന്റെ മതമനുസരിച്ച് ഈശ്വരൻ സൂക്ഷിക്കാനേൽപ്പിച്ച മുതലിൽ വഞ്ചന കാണിക്കരുത്. എല്ലാവശത്തു നിന്നുമുളള മമത്വത്തെ ഇല്ലാതാക്കി പൂർണ്ണമായും ട്രസ്റ്റിയായിരിക്കണം.

## വരദാനം:- സദാ ഏകരസസ്ഥിതിയിലൂടെ സർവ്വാത്മാക്കൾക്കും സുഖ-ശാന്തി-സ്നേഹത്തിന്റെ അഞ്ജലി കൊടുക്കുന്ന മഹാദാനിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ അവസ്ഥ സദാ സന്തോഷത്തിന്റെ ഏകരസമായിരിക്കണം. ചിലപ്പോൾ അവസ്ഥ മോശം, ചിലപ്പോൾ അവസ്ഥ വളരെ സന്തോഷം..... ഇങ്ങനെയായിരിക്കരുത്. സദാ മഹാദാനിയായിരിക്കുന്നവരുടെ അവസ്ഥ ഒരിക്കലും മാറുകയില്ല. ദേവതയാകുന്നവർ അർത്ഥം കൊടുക്കുന്നവർ. താങ്കൾക്ക് ആരും ഒന്നും തന്നില്ലെങ്കിലും താങ്കൾ മഹാദാനി കുട്ടികൾ സർവ്വർക്കും സുഖത്തിന്റെ അഞ്ജലി, ശാന്തിയുടെ അഞ്ജലി, സ്നേഹത്തിന്റെ അഞ്ജലി കൊടുക്കൂ. ശാരീരിക സേവനത്തോടൊപ്പം മനസാ അങ്ങിനെയുള്ള സേവനത്തിൽ ബിസിയായിരിക്കൂ എങ്കിൽ ഡബിൾ പുണ്യം സമാഹരിക്കപ്പെടും.

## സ്ലോഗൻ:- താങ്കളുടെ വിശേഷതകൾ പ്രഭുപ്രസാദമാണ്, ഇവയെ കേവലം സ്വയത്തെ പ്രതി മാത്രം ഉപയോഗിക്കാതെ വിതരണം ചെയ്ത് വർദ്ധിപ്പിക്കൂ.